(21) പേപ്പട്ടി വിഷ ചികിൽസയ്ക്കുള്ള വാക്സിൻ

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, സംസ്ഥാന വ്യാപകമായി പേപ്പട്ടി വിഷബാധയെ സംബന്ധിച്ചുള്ള ഭീതിജനകമായ വാർത്തകളാണ് ദിനംപ്രതി വന്നുകൊണ്ടിരിക്കുന്നത്. വർക്കലയിലും പരിസര പഞ്ചായത്തുകളിലും ധാരാളമായി പേപ്പട്ടിവിഷബാധ ഏറ്റ വിവരം എനിക്ക് കിട്ടിയിട്ടുണ്ട്. പേപ്പട്ടി വിഷബാധയേറ്റ് ആ വിഷം അധികരിച്ചു കഴിഞ്ഞാൽ മനുഷ്യന്റെ അന്ത്യം വളരെ ദയനീയമായിരിക്കും. അതിന് വേറെ ചികിൽസ ഇല്ലെന്നുള്ളതാണ് ഏറ്റവും ഖേദകരമായ വസ്തുതയാണ്. തിരുവനന്തപുരത്തുള്ള പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ നിർമ്മിക്കുന്ന വാക്സിൻ പേപ്പട്ടി വിഷബാധയെ ചെറുക്കുന്നതിന് പര്യാപ്തമല്ലെന്ന് അടുത്ത കാലത്തുണ്ടായ ചില സംഭവങ്ങൾ തെളിയിച്ചിരിക്കുകയാണ്. ഒരു പരീക്ഷണാർത്ഥം പ്രയോഗിക്കേണ്ടതല്ല ഈ വാക്സിൻ. ഞാൻ ഇതിന്റെ ബന്ധപ്പെട്ട അധികൃതരുമായി സംസാരിച്ച അവസരത്തിൽ തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ ഉൽപ്പാദിപ്പിക്കുന്ന വാക്സിൻ അപര്യാപ്തമാണെന്നും തമിഴ്നാട്ടിലുള്ള കുന്നൂർ എന്ന പ്രദേശത്ത് വളരെ ഇഫക്ടീവായിട്ടുള്ള വാക്സിൻ ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നും മനസ്സിലായി. അത് തെർമോ ഫ്ളാസ്കുകളിൽ സൂക്ഷിച്ചിരുന്നാൽ നാട്ടുകാർക്ക് പ്രയോജനപ്രദമായ രീതിയിൽ കുത്തി വയ്ക്കാൻ കഴിയും. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് ഗവൺമെന്റ് മുഖാന്തിരം തന്നെ കുന്നൂരിൽ നിന്നും ഇഫക്ടീവായിട്ടുള്ള വാക്സിൻ വരുത്തി ഈ നാട്ടിലെ പാവപ്പെട്ട ജനങ്ങളുടെ ജീവൻ പേപ്പട്ടി വിഷബാധയിൽ നിന്നും രക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വളരെ അധികൃതമായി കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഈ സബ്മിഷൻ ഈ സഭയിൽ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, അത്ര വ്യാപകമായി ആവശ്യമായി വരുന്ന ഒരു വാക്സിനല്ല ഇത്. പക്ഷേ ആവശ്യമുള്ള സ്ഥലങ്ങളിൽ ഒക്കെ ഇത് എത്തിച്ചുകൊടുക്കാൻ വ്യവസ്ഥയുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ശരിയല്ല. കാരണം ഇവിടെയുള്ള വാക്സിൻ അത്ര മോശമല്ല എന്നു മാത്രമല്ല അത് ഉപയോഗിച്ചിട്ട് ഒട്ടേറെ കേസുകൾ മാറിയിട്ടുമുണ്ട്. ഏതായാലും ഈ ലബോറട്ടറിയിൽ നിർമ്മിക്കുന്ന വാക്സിൻ ആവശ്യപ്പെടുന്ന അവസരത്തിൽ അതാതു സ്ഥലങ്ങളിൽ എത്തിച്ചുകൊടുക്കാൻ സംവിധാനമുണ്ട്. അതിന്റെ ക്വാളിറ്റിയെ സംബന്ധിച്ച കാര്യം ഒന്നുകൂടി പരിശോധിക്കുന്നതാണ്.

(22) വണ്ടിപ്പെരിയാർ—കുമിളി പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. കെ. കെ. തോമസ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ വണ്ടിപ്പെരിയാർ, കുമിളി പഞ്ചായത്തുകളിൽ വോൾട്ടേജ് കുറവുമൂലം ഇലക്ട്രിസിറ്റി ഉപഭോക്താക്കൾക്ക് വർഷങ്ങളായി ഉണ്ടായിരിക്കുന്ന ഗുരുതരമായ ബുദ്ധിമുട്ട് ഖേദപൂർവ്വം ഞാൻ വിവരിക്കുന്നു.

ആർ.ഇ.സി. സ്കീമിൽ ഉൾപ്പെട്ട എന്റെ നിയോജകമണ്ഡലമായ പീരുമേടിൽ 66 കെ. വി. പവർ സ്റ്റേഷനാണ് ആകെയുള്ള സംഭരണ കേന്ദ്രം. ഇത് 25 വർഷം മുമ്പ് സ്ഥാപിച്ചതാണ്. 25 വർഷത്തിനു ശേഷം 25 ഇരട്ടി വിദ്യുച്ഛക്തി ഉപഭോഗം വർദ്ധിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴത്തെ പ്രശ്നം പരിഹരിക്കുന്നതിന് വണ്ടിപ്പെരിയാറിൽ പണി ആരംഭിച്ചിരുന്ന 66 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണം അനിശ്ചിതത്വത്തിന്റെ തടവറയിൽ വിശ്രമിക്കുന്നു. വണ്ടിപ്പെരിയാർ, കുമിളി പഞ്ചായത്തുകളിൽ 75,000–ൽപ്പരം ജനങ്ങൾ അതിവസിക്കുന്നുണ്ട്. ഇവർക്ക് വോൾട്ടേജ് കുറവുമൂലം മണ്ണെണ്ണ വിളക്കിനെ ആശ്രയിക്കേണ്ടി വന്നിരിക്കുന്നു. അന്താരാഷ്ട്ര പ്രശസ്തമായ തേക്കടിയും പെരിയാർ ടൈഗർ പ്രോജക്ടും വോൾട്ടേജ് കുറവിന്റെ തടവറയിൽ കഴിയുന്നു. ഇതുമൂലം അന്താരാഷ്ട്ര അപമാനം നമുക്കുണ്ടാകുന്നു. ദിനംതോറും ഗവേഷണത്തിനും പഠനത്തിനും വരുന്ന അന്താരാഷ്ട്ര ടൂറിസ്റ്റുകൾ മങ്ങിക്കത്തുന്ന മണ്ണെണ്ണ വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ തങ്ങളുടെ ലക്ഷ്യം പൂർത്തീകരിക്കാതെ മടങ്ങിപ്പോകുന്നു. മൂഴിയാറിൽ നിന്നും വണ്ടിപ്പെരിയാറിനും തേക്കടിക്കും മുകളിലൂടെ 330 കെ. വി. ലൈൻ തമിഴ്നാട്ടിലേക്ക് കടന്നു പോകുന്നു. ഈ ലൈനിൽ നിന്നും തൽക്കാലം ഈ പ്രദേശത്ത് വൈദ്യുതി നൽകുകയും വണ്ടിപ്പെരിയാർ 66 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാക്കി സ്ഥിരമായി ഈ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്നും ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പു മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഇടുക്കിജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി രണ്ട് സബ് സ്റ്റേഷനാണ് പ്ലാൻ ചെയ്തിരിക്കുന്നത്. കട്ടപ്പനയും വണ്ടിപ്പെരിയാറുമാണ് അത്. അതിൽ കട്ടപ്പന സബ് സ്റ്റേഷന്റെ പണി പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. മിക്കവാറും ഈ സാമ്പത്തിക വർഷം തന്നെ അത് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിന്റെ ലൈൻ വലിക്കുന്നതിലുണ്ടായ ചില വസ്തു ഉടമസ്ഥരുടെ തടസ്സംമൂലമാണ് അൽപ്പം താമസിച്ചത്. ഇപ്പോൾ അത് പരിഹരിച്ചിട്ടുണ്ട്. അതിൽ ലൈനിന്റെ പണി പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. വണ്ടിപ്പെരിയാർ സബ് സ്റ്റേഷനു സ്ഥലം എടുത്തിട്ടുണ്ട്. പക്ഷേ സബ് സ്റ്റേഷനു എടുത്ത സ്ഥലം വെള്ളം കെട്ടിക്കിടക്കുമെന്ന കാരണത്താൽ എഞ്ചിനീയർമാർ ചില പരീക്ഷണങ്ങളും നിരീക്ഷണങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. അത് പൂർത്തിയായിക്കഴിഞ്ഞാൽ അവിടെത്തന്നെ ഈ സബ് സ്റ്റേഷൻ മണ്ണിട്ട് ഉയർത്തി പണിയാമെന്നാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ഇടുക്കി ജില്ലയുടെ കിഴക്കൻ പ്രദേശത്ത് പള്ളത്തുനിന്ന് 36 കിലോമീറ്റർ ദൂരം വരുന്ന 110 കെ. വി. ലൈൻ പള്ളത്തുനിന്ന് വലിച്ച് പീരുമേട്ടിൽ എത്തിക്കാനും പീരുമേട്ടിൽ ഇന്ന് ഉള്ള 66 കെ. വി. ലൈൻ സബ് സ്റ്റേഷൻ 110 കെ. വി. സബ് സ്റ്റേഷനാക്കി ഉയർത്താനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കട്ടപ്പന സ്റ്റേഷൻ പൂർത്തിയാകുന്നതോടുകൂടി പീരുമേട് പ്രദേശത്തെ കുമിളി, കട്ടപ്പനയ്ക്ക് ചുറ്റുമുള്ള പ്രദേശങ്ങൾ ഇവിടെയൊക്കെ ഇന്നത്തെക്കാൾ കൂടുതൽ വോൾട്ടേജ് ലഭിക്കും. ഈ പ്രവർത്തനങ്ങൾ ഏറെറടുത്ത് ധൃതഗതിയിൽ നടത്തുകയാണ്. അദ്ദേഹം പറഞ്ഞത് 220 കെ. വി. ലൈൻ ആണ് 330 കെ. വി. ലൈൻ അല്ല. 220 കെ. വി. ലൈൻ ഇടുക്കിയിൽ കൂടി കടന്നു പോകുന്നു. പക്ഷേ അതിനകത്ത് സബ് സ്റ്റേഷൻ ഉണ്ടാക്കാൻ സാദ്ധ്യമല്ല. അത് തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്കും കേരളത്തിൽ നിന്ന് തമിഴ്നാട്ടിലേക്കും വൈദ്യുതി പ്രവഹിക്കുന്നതിന് വേണ്ടി ഉണ്ടാക്കിയിരിക്കുന്ന സംവിധാനമാണ്. ഈ ലൈനിൽ സബ് സ്റ്റേഷൻ ഉണ്ടാക്കാൻ ബുദ്ധിമുട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അത് പറയുന്നതല്ല. മാത്രമല്ല 220 കെ. വി. ലൈനിന്റെ സബ് സ്റ്റേഷന്റെ ആവശ്യം ആ പ്രദേശത്തില്ല. ആ നിലയിൽ അത് ബുദ്ധിമുട്ടുള്ള കാര്യമാണ്. ഈ കാര്യത്തിന് വേണ്ട നടപടികളും വിദ്യുച്ഛക്തി ബോർഡ് സ്വീകരിച്ചിരിക്കുന്നു. അത് പൂർത്തിയാക്കുന്നതിന് വേണ്ട നടപടികളും സ്വീകരിക്കുന്നതാണ്.

(23) ചെറുതാഴ പഞ്ചായത്തിലെ കൊലപാതകം

ശ്രീ. എം. വി. രാഘവൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ചെറുതാഴ പഞ്ചായത്തിൽ ഏഴിലോട്ട് എന്ന സ്ഥലത്ത് കഴിഞ്ഞ 9-ാം തീയതി ഒരു കൊലപാതകം നടന്നു. ആ കൊലപാതകം പരിഷ്കൃത മനുഷ്യരെ ഞെട്ടിപ്പിക്കുന്നതാണ്. ചെമ്മരൻ എന്നു പറയുന്ന ഒരാൾ അയാളുടെ മരുമകനെ മറ്റു കൂട്ടുകാരോടുകൂടി ചേർന്ന് തെങ്ങിൽ പിടിച്ചു കെട്ടി അടിച്ച് കൊന്നു. എന്നിട്ട് കൊണ്ടുപോയി സംസ്കരിച്ച്, ചുട്ടു സേമമാക്കി. ഇതിന്റെ ഫലമായി തെളിവുവരെ നശിപ്പിക്കപ്പെട്ടിരിക്കുകയാണ്. ഇതിനെസംബന്ധിച്ച് പോലീസ് കാര്യമായ അന്വേഷണം നടത്തിയതായി അറിയുന്നില്ല. ഇതിനെതിരെ ശക്തമായ നടപടികളെടുക്കണം. പരിഷ്കൃത മനുഷ്യരെ ലജ്ജിപ്പിക്കുന്നതാണ് ഈ കൊലപാതകം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇതിനോടനുബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ആകെ പതിനേഴ് പ്രതികളാണുള്ളത്. അതിൽ ചെമ്മരൻ, ബാലകൃഷ്ണൻ, രമേശൻ, അമ്പു തുടങ്ങിയ പ്രതികളെ 10-ാം തീയതി തന്നെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അവരെ കോടതിയിൽ ഹാജരാക്കുകയും ചെയ്തു. ബാക്കിയുള്ള പ്രതികളെ അറസ്റ്റ് ചെയ്യാൻ വേണ്ട ഏർപ്പാടുകളും ചെയ്യുന്നുണ്ട്. അന്വേഷണം പൂർത്തിയാക്കി സത്വരമായ നടപടികളും സ്വീകരിക്കുന്നതാണ്.

(24) അരൂർ നിയോജകമണ്ഡലത്തിലെ വോട്ടേഴ്സ് ലിസ്റ്റിലുണ്ടായ ക്രമക്കേടുകൾ

ശ്രീമതി കെ. ആർ. ഗൗരി: സർ, അരൂർ നിയോജകമണ്ഡലത്തിൽ വോട്ടേഴ്സ് ലിസ്റ്റിനുള്ള എന്യൂമറേഷൻ നടത്തിയതിൽ ഉള്ള ക്രമക്കേടുകൾ നേരത്തെതന്നെ ഇവിടത്തെ ചീഫ് ഇലക്ടറൽ ആഫീസറെയും മറ്റും അറിയിച്ചിരുന്നു. ഇലക്ഷൻ കമ്മീഷനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇലക്ഷൻ കമ്മീഷനിൽ നിന്നും അത് റീ-വെരിഫിക്കേഷൻ നടത്തണമെന്ന് അവരുടെ ഒരു നിർദ്ദേശവുമുണ്ടായി. ഇപ്പോൾ ഈ ഇലക്ഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചതുകൊണ്ട് ചില വിവരങ്ങൾ പറയുകയാണ്. ഈ കേരള ഇലക്ഷൻ മാനുവലിന്റെ 15-ാമത്തെ പേജിൽ പറഞ്ഞിരിക്കുന്നത് "work of enumeration should normally be entrusted to Government and quasi-Government Servants of the area where intensive revision is undertaken" എന്നാണ്. ഈ നിയോജകമണ്ഡലത്തിൽ 293 എന്യൂമറേറർമാർ ഉണ്ടായിരുന്നതിൽ 204-ഓളം പേർ പ്രൈവറ്റ് അദ്ധ്യാപകരാണ്. അവിടെ ഗവൺമെന്റ് സ്കൂളുകൾ ഇല്ലാഞ്ഞിട്ടല്ല,

LIBRARY ARCHIVES Kerala Legislative Assembly